# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക

## (4)

ദൂത് പതിനൊന്ന്

## കുഞ്ഞാട്-ദൈവം നഗരത്തിനുള്ളിൽ സിംഹാസനത്തിൽ ഇരിക്കുന്നു

EM Hymns: ML246, ML168

തിരുവെഴുത്ത് വായന: വെളി. 4:2-3; 22:1-5; 21:23; യെഹെ. 1:22, 26-28

വെളി. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

വെളി. 22:3 ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും;

വെളി. 22:4 അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ നെറ്റിമേൽ ഉണ്ടായിരിക്കും.

വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

വെളി. 21:23 നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

യെഹെ. 1:22 ജീവികളുടെ തലെക്കു മീതെ ഭയങ്കരമായോരു പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു; അതു അവയുടെ തലെക്കു മീതെ വിരിഞ്ഞിരുന്നു.

യെഹെ. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

യെഹെ. 1:27 അവന്റെ അരമുതൽ മേലോട്ടു അതിന്നകത്തു ചുറ്റും തീക്കൊത്ത ശുക്ലസ്വർണ്ണംപോലെ ഞാൻ കണ്ടു; അവന്റെ അരമുതൽ കീഴോട്ടു തീ പോലെ ഞാൻ കണ്ടു; അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു.

യെഹെ. 1:28 അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടതു; അതു കണ്ടിട്ടു ഞാൻ

കവിണ്ണുവീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു.

I. **നഗരത്തിനുള്ളിൽ കുഞ്ഞാടായ ദൈവം സിംഹാസനത്തിൽ ഇരിക്കുന്നു—വെളി. 4:2-3; 22:1-5; 21:23:**

വെളി. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

വെളി. 22:3 ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും;

വെളി. 22:4 അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ നെറ്റിമേൽ ഉണ്ടായിരിക്കും.

വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

വെളി. 21:23 നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

A. *ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം* ദൈവത്തിനും കുഞ്ഞാടിനും ഒരു സിംഹാസനമാണുള്ളതെന്ന് കാണിക്കുന്നു, ഇത് ദൈവവും കുഞ്ഞാടും ഒന്നാണെന്ന്—കുഞ്ഞാട്-ദൈവം, വീണ്ടെടുക്കുന്ന ദൈവം, വീണ്ടെടുപ്പുകാരനായ ദൈവമാണെന്ന്—സൂചിപ്പിക്കുന്നു—22:1; 4:2-3.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

B. നിത്യതയിൽ സിംഹാസനത്തിൽ ഇരിക്കുന്ന സാക്ഷാൽ ദൈവം നമ്മുടെ വീണ്ടെടുപ്പുകാരനായ ദൈവമാണ്, അവന്റെ സിംഹാസനത്തിൽനിന്ന് നമ്മുടെ ജീവസഹായത്തിനും സംതൃപ്തിക്കുമായി ജീവജലനദി പുറപ്പെടുന്നു.

C. ഇത് എങ്ങനെയാണ് ത്രിയേക ദൈവം—ദൈവം, കുഞ്ഞാട്, ജീവജലത്താൽ ചിത്രീകരിക്കപ്പെടുന്ന ആത്മാവ്—തന്റെ തലയായ്മയിൻ കീഴിൽ (സിംഹാസനത്തിന്റെ അധികാരത്തിൽ വിവക്ഷിച്ചിരിക്കുന്നു) നിത്യതയോളം തന്റെ വീണ്ടെടുക്കപ്പെട്ടവരിലേക്ക് തന്നെത്തന്നെ പകരുന്നതെന്ന് ചിത്രീകരിക്കുന്നു.

## II. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം സിംഹാസനമാണ്:

A. നമ്മുടെ ദൈനംദിന ജീവിതത്തിലും, കുടുംബ ജീവിതത്തിലും, വിവാഹ ജീവിതത്തിലും, തൊഴിൽ ജീവിതത്തിലും, സഭാ ജീവിതത്തിലും കേന്ദ്രം ദൈവത്തിന്റെ സിംഹാസനമായിരിക്കണം; എല്ലാ കാര്യങ്ങളും അവന്റെ തലയായ്മയ്ക്ക് കീഴ്പ്പെട്ടിരിക്കണം.

B. എല്ലാ ദിവസവും രാവിലെ എഴുന്നേറ്റതിനുശേഷം, നാം ഇങ്ങനെ പറയണം, “കർത്താവേ, നിന്നെ എന്റെ കർത്താവായി എടുക്കുവാൻ ഒരു പുതിയ ദിവസം എനിക്കു നൽകിയതിനായി നന്ദി. ദിവസം മുഴുവൻ ഞാൻ എന്നെത്തന്നെ നിന്റെ തലയായ്മയ്ക്കു കീഴ്പ്പെടുത്തുന്നു. കർത്താവേ, എന്റെ ജീവിതത്തിൽ നിന്റെ സിംഹാസനം സ്ഥാപിക്കണമേ. എന്റെ ആളത്തത്തിന്റെ കേന്ദ്രത്തിൽ നിന്റെ സിംഹാസനം സ്ഥാപിക്കണമേ. കർത്താവേ, എന്റെ ദൈനംദിന ജീവിതത്തോടുകൂടിയ എന്റെ മുഴുവൻ ദിവസവും നിന്റെ സിംഹാസനത്തിൻ കീഴിൽ കൊണ്ടുവരേണമേ”; എല്ലാ ദിവസവും രാവിലെ ത്രിയേക ദൈവത്തിന് അത്തരമൊരു പ്രാർഥന നാം അർപ്പിക്കുമെങ്കിൽ, ആ നിമിഷം മുതൽ നമ്മുടെ ഉള്ളിൽ ജീവജലം ഒഴുകും.

C. നമ്മുടെ അനുഭവത്തിൽ, അവനെ നമ്മുടെ തലയായി എടുത്തുകൊണ്ട്, നാം നമ്മെത്തന്നെ ത്രിയേക ദൈവത്തിന് കീഴ്പ്പെടുത്തുമ്പോഴെല്ലാം, നമ്മുടെ ഉള്ളിൽ ഒരു ഒഴുക്ക് നാം ആസ്വദിക്കുന്നു; നിർണയിച്ച ദൈവത്തോടുകൂടെയും, വീണ്ടെടുത്ത കുഞ്ഞാടിനോടുകൂടെയും, ഇപ്പോൾ സർവവും ഉൾക്കൊള്ളുന്ന, പ്രക്രിയാവിധേയനായ, ജീവൻ നൽകുന്ന ആത്മാവായ ആത്മാവിനോടുകൂടെയും നദി ഒഴുകുന്നു.

D. അവന്റെ തലയായ്മയിൻ കീഴിൽ നാം ജീവന്റെ സഹായത്തോടും ജീവന്റെ മാർഗത്തോടുംകൂടെ ജീവന്റെ ഒഴുക്ക് ആസ്വദിക്കുന്നു; ജീവന്റെ ഒഴുക്കിൽ നാം അവനെ സേവിക്കുകയും, അവനെ കാണുകയും, അവനോടൊപ്പം വാഴുകയും ചെയ്യുന്നു—22:2-5.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

വെളി. 22:3 ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും;

വെളി. 22:4 അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ നെറ്റിമേൽ ഉണ്ടായിരിക്കും.

വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

**III. നമ്മുടെ ആത്മികാനുഭവത്തിലെ കൊടുമുടി ഒരു തെളിഞ്ഞ ആകാശത്തിനു മുകളിൽ ദൈവത്തിന്റെ സിംഹാസനം സ്ഥിതി ചെയ്യുന്നതാണെന്ന് യെഹെസ്കേൽ 1 വെളിപ്പെടുത്തുന്നു; ഈ ഉന്നത തലത്തിൽ എത്തുക എന്നതിനർഥം നാം എല്ലാത്തിലും ദൈവത്തിന് സർവോൽകൃഷ്ടത ഉണ്ടായിരിക്കുവാൻ അനുവദിക്കുകയും അവന്റെ അധികാരത്തിനും ഭരണനിർവഹണത്തിനും പൂർണമായി കീഴ്പ്പെട്ടിരിക്കുകയും ചെയ്യുന്നു എന്നാണ്—വാ. 22, 26:**

യെഹെ. 1 be omitted.

യെഹെ. 1:22 ജീവികളുടെ തലെക്കു മീതെ ഭയങ്കരമായോരു പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു; അതു അവയുടെ തലെക്കു മീതെ വിരിഞ്ഞിരുന്നു.

യെഹെ. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

A. ജീവികളുടെ തലെയ്ക്കു മീതെയുള്ള ആത്മിക ആകാശം ഭയങ്കരമായൊരു പളുങ്കിന്റെ വലിയ വിതാനം പോലെ, സ്ഫടിക സ്വച്ഛമാണ്; കൂടാതെ, ഈ ആകാശം വികസിച്ചുകൊണ്ടിരിക്കുന്നു, അത് പളുങ്കുപോലെ സ്ഥിരതയുള്ളതും മാറ്റമില്ലാത്തതുമാണ്—വാ. 22.

യെഹെ. 1:22 ജീവികളുടെ തലെക്കു മീതെ ഭയങ്കരമായോരു പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു; അതു അവയുടെ തലെക്കു മീതെ വിരിഞ്ഞിരുന്നു.

B. അത്തരമൊരു സാഹചര്യത്തിൽ, നമുക്കും ദൈവത്തിനും ഇടയിൽ യാതൊന്നുമില്ല, നമുക്കു പരസ്പരവും യാതൊന്നുമില്ല; നമുക്ക് കർത്താവുമായും അന്യോന്യവും സമഗ്രവും വ്യക്തവുമായ ഒരു കൂട്ടായ്മയുണ്ട്.

C. ഇതിന് ദൈവത്തോടും മനുഷ്യരോടും ഒരു കുറ്റവുമില്ലാത്ത നിർമല മനസ്സാക്ഷി നിലനിർത്തേണ്ടത് ആവശ്യമാണ്; നമ്മുടെ ആകാശത്തിന്റെ സ്ഥിതി നമ്മുടെ മനസ്സാക്ഷിയുടെ സ്ഥിതിയാണ്—പ്രവൃ. 24:16.

പ്രവൃ. 24:16 ഇതുനിമിത്തം ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ അഭ്യസിക്കുന്നു.

D. സിംഹാസനം ക്രിസ്തുവിന്റെ ഭരണസാന്നിധ്യമാണ്:

1. കർത്താവിന്റെ സാന്നിധ്യം എപ്പോഴും അവന്റെ സിംഹാസനത്തോടുകൂടെയുണ്ട്; കർത്താവിന്റെ സിംഹാസനം മൂന്നാം സ്വർഗത്തിലും നമ്മുടെ ആത്മാവിലും ആണ്—വെളി. 4:2-3; എബ്രാ. 4:16; പ്ര.നി. 2 തിമൊ. 4:22:

വെളി. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

| | |
|---|---|
| എബ്രാ. 4:16 | അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |

a. സ്വർഗത്തിൽ സിംഹാസനത്തിൽ ഇരിക്കുന്ന സാക്ഷാൽ ക്രിസ്തു (റോമ. 8:34) ഇപ്പോൾ നമ്മിലുണ്ട് (വാ. 10), അതായത്, നമ്മുടെ ആത്മാവിലുണ്ട് (2 തിമൊ. 4:22), അവിടെയാണ് ദൈവത്തിന്റെ വാസസ്ഥലം.

| | |
|---|---|
| റോമ. 8:34 | കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും. |
| റോമ. 8:10 | എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |

b. സ്വർഗത്തിന്റെ വാതിലായ ബെഥേലിൽ, ദൈവത്തിന്റെ ഭവനത്തിൽ, ദൈവത്തിന്റെ വാസസ്ഥലത്തിൽ, ക്രിസ്തു ഭൂമിയെ സ്വർഗവുമായി ബന്ധിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന കോവണിയാണ്—ഉല്പ. 28:12-17; യോഹ. 1:51.

| | |
|---|---|
| ഉല്പ. 28:12 | അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. |
| ഉല്പ. 28:13 | അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തതു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. |
| ഉല്പ. 28:14 | നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും. |
| ഉല്പ. 28:15 | ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും. |

| | |
|---|---|
| ഉല്പ. 28:16 | അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു. |
| ഉല്പ. 28:17 | അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു. |
| യോഹ. 1:51 | അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു. |

c. ഇന്ന് നമ്മുടെ ആത്മാവ് ദൈവം വസിക്കുന്ന ഇടമായതിനാൽ, അത് ഇപ്പോൾ സ്വർഗത്തിന്റെ വാതിലാണ്. അവിടെ ക്രിസ്തു, ഭൂമിയിലെ ജനമായ നമ്മെ സ്വർഗവുമായി ബന്ധിപ്പിക്കുകയും, സ്വർഗത്തെ നമ്മിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന കോവണിയാണ്.

d. അതുകൊണ്ട്, നമ്മുടെ ആത്മാവിലേക്ക് തിരിയുമ്പോഴൊക്കെയും നാം സ്വർഗത്തിന്റെ വാതിലിലൂടെ പ്രവേശിച്ച്, സ്വർഗീയ കോവണിയായ ക്രിസ്തുവിലൂടെ സ്വർഗത്തിലെ കൃപയുടെ സിംഹാസനം തൊടുന്നു.

2. സ്ഫടിക സ്വച്ഛമായ വിതാനത്തിനു മീതെയുള്ള സിംഹാസനം സൂചിപ്പിക്കുന്നത് നമ്മുടെ ക്രിസ്തീയ ജീവിതത്തിലും സഭാ ജീവിതത്തിലും നമുക്ക് ഒരു തെളിഞ്ഞ ആകാശം ഉള്ളപ്പോഴെല്ലാം, നാം സിംഹാസനത്തിന്റെ ഭരണത്തിൻ കീഴിലായിരിക്കുമെന്നാണ്; സഭയിലെ അധികാരം തെളിഞ്ഞ ആകാശത്തിനു മീതെയുള്ള സിംഹാസനമാണ്.

3. സിംഹാസനം ദൈവം നമ്മെ ഭരിക്കുന്നതിനുവേണ്ടി മാത്രമല്ല, ദൈവം തന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിനുംകൂടിയാണ്; നമ്മുടെ ആത്മിക ജീവിതത്തിൽ നമുക്ക് സിംഹാസനമുണ്ടെങ്കിൽ, ദൈവം നമ്മെ ഭരിക്കുക മാത്രമല്ല, നമ്മിലും, നമ്മോടുകൂടെയും, നമ്മിലൂടെയും തന്റെ ഉദ്ദേശ്യം നിറവേറ്റുകയും ചെയ്യും—റോമ. 5:17, 21; പ്ര.നി. മത്താ. 28:18-20.

| | |
|---|---|
| റോമ. 5:17 | ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |
| റോമ. 5:21 | എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ. |
| മത്താ. 28:18 | യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. |
| മത്താ. 28:19 | ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും, |

മത്താ. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

4. സിംഹാസനത്തിന് ഒരു നീലരത്നത്തിന്റെ ദൃഷ്ടഭാവമുണ്ട്; നീല നിറമുള്ള നീലരത്നം, ക്രിസ്തുവിന്റെ ഭരണസാന്നിധ്യത്തിന്റെ സ്വർഗീയ സാഹചര്യത്തെയും അവസ്ഥയെയും അന്തരീക്ഷത്തെയും സൂചിപ്പിക്കുന്നു—പുറ. 24:10.

പുറ. 24:10 അവർ യിസ്രായേലിന്റെ ദൈവത്തെ കണ്ടു; അവന്റെ പാദങ്ങൾക്കു കീഴെ നീലക്കല്ലു പടുത്ത തളംപോലെയും ആകാശത്തിന്റെ സ്വച്ഛതപോലെയും ആയിരുന്നു.

**IV. സിംഹാസനത്തിലിരിക്കുന്നവന് മനുഷ്യസാദൃശ്യമുണ്ടെന്നും, എങ്കിലും അവന് യഹോവയുടെ തേജസ്സിന്റെ പ്രത്യക്ഷതയുണ്ടെന്നും യെഹെസ്കേൽ 1 വെളിപ്പെടുത്തുന്നു, സിംഹാസനത്തിൽ ഇരിക്കുന്നവൻ ദൈവവും മനുഷ്യനുമാണെന്ന് ഇത് സൂചിപ്പിക്കുന്നു; ഇത് ദൈവത്തിന്റെയും മനുഷ്യന്റെയും ഇഴുകിച്ചേരലായ, ദൈവമനുഷ്യനായ യേശു ക്രിസ്തുവാണ്—വാ. 26, 28:**

Ezek 1 be omitted.

യെഹെ. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

യെഹെ. 1:28 അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടതു; അതു കണ്ടിട്ടു ഞാൻ കവിണ്ണുവീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു.

A. യേശു ക്രിസ്തു സമ്പൂർണ ദൈവമായിരുന്നു, അവൻ ഒരു മനുഷ്യനാകാൻ ജഡവതാരം ചെയ്തു; മനുഷ്യ സ്വഭാവം ഉള്ളവനായി അവൻ ജീവിക്കുകയും മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ഒരു മനുഷ്യനായി ആരോഹണം ചെയ്യുകയും ചെയ്തു, ഇപ്പോൾ സിംഹാസനത്തിലിരിക്കുന്നവനെന്ന നിലയിൽ, അവൻ ഇപ്പോഴും മനുഷ്യപുത്രനാണ്—യോഹ. 1:1, 14; 6:62; പ്രവൃ. 7:56, 59-60.

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 6:62 അപ്പോൾ മനുഷ്യപുത്രൻ മുമ്പേ ആയിരുന്ന ഇടത്തേക്ക് ആരോഹണം ചെയ്യുന്നത് നിങ്ങൾ കണ്ടാലോ?

പ്രവൃ. 7:56 ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ

കാണുന്നു എന്ന് പറഞ്ഞു.

പ്രവൃ. 7:59 കർത്താവായ യേശുവേ എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ! എന്ന് സ്തെഫാനൊസ് കർത്താവിനെ വിളിച്ചപേക്ഷിച്ചു പറയുമ്പോൾ, അവർ അവനെ കല്ലെറിഞ്ഞു.

പ്രവൃ. 7:60 അവൻ മുട്ടുകുത്തി, കർത്താവേ ഈ പാപം അവർക്കെതിരെ നിർത്തരുതേ എന്ന് ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞശേഷം, അവൻ നിദ്രപ്രാപിച്ചു.

B. അതുകൊണ്ട്, കർത്താവായ യേശുവിന്റെ സ്വർഗാരോഹണം മുതൽ സിംഹാസനത്തിൽ ഒരു മനുഷ്യൻ ഉണ്ട്; സഹസ്രാബ്ദത്തിലും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നിത്യതയോളം, സിംഹാസനത്തിൽ ഒരു മനുഷ്യൻ ഉണ്ടായിരിക്കും—മത്താ. 19:28; വെളി. 22:1, 3.

മത്താ. 19:28 യേശു അവരോടു പറഞ്ഞു, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ, പുനഃസ്ഥാപനത്തിൽ, മനുഷ്യപുത്രൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിന്മേൽ ഇരിക്കുമ്പോൾ, നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിന്മേൽ യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായം വിധിച്ചുകൊണ്ട് ഇരിക്കും.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:3 ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും;

C. മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ മാർമികമായ ഉദ്ദേശ്യം, മനുഷ്യനുമായി തന്നെത്തന്നെ ഇഴുകിച്ചേർക്കുകയും അങ്ങനെ മനുഷ്യനെപ്പോലെതന്നെയാകയും, മനുഷ്യനെ ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും ആവിഷ്കാരത്തിലും തന്നെപോലെതന്നെ ആക്കുകയും ചെയ്യുക എന്നതാണ്; ദൈവത്തെ ആവിഷ്കരിക്കുവാനും ദൈവത്തിനുവേണ്ടി ഭരിക്കുവാനും ദൈവത്തിന്റെ സ്വരൂപത്തിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു— ഉല്പ. 1:26-28; പ്ര.നി. യെശ. 14:12-14:

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

ഉല്പ. 1:27 ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.

ഉല്പ. 1:28 ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും

| | |
|---|---|
| | സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു. |
| യെശ. 14:12 | അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! |
| യെശ. 14:13 | "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; |
| യെശ. 14:14 | ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. |

1. സിംഹാസനത്തിലിരിക്കുന്നവനും നാല് ജീവികൾക്കും ഒരു മനുഷ്യസാദൃശ്യമുണ്ട്, ഭൂമിയിലെ നാല് ജീവികൾ സിംഹാസനത്തിലിരിക്കുന്നവന്റെ ആവിഷ്കാരമാണെന്ന് ഇത് സൂചിപ്പിക്കുന്നു; ഈ ആവിഷ്കാരം മനുഷ്യത്വത്തിലുള്ള ദൈവത്തിന്റെ വെളിപ്പെടലാണ്—യെഹെ. 1:5; 1 തിമൊ. 3:15-16.

| | |
|---|---|
| യെഹെ. 1:5 | അതിന്റെ നടുവിൽ നാലു ജീവികളുടെ സാദൃശ്യം കണ്ടു; അവയുടെ രൂപമോ: അവെക്കു മനുഷ്യസാദൃശ്യം ഉണ്ടായിരുന്നു. |
| 1 തിമൊ. 3:15 | എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു. |
| 1 തിമൊ. 3:16 | സമ്മതമാംവണ്ണം, ദൈവികതയുടെ മർമ്മം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു. |

2. മനുഷ്യനിലേക്ക് തന്നെത്തന്നെ പണിതുകൊണ്ട് തന്റെ ആവിഷ്കാരത്തിനായി സ്വർഗത്തിലെ ദൈവം ഭൂമിയിൽ മനുഷ്യനെ നേടാൻ ആഗ്രഹിക്കുന്നു; കൂടാതെ, മനുഷ്യൻ സിംഹാസനത്തിലായിരിക്കേണ്ടതിന് മനുഷ്യനിൽ വേലചെയ്യുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം—എഫെ. 3:16-21; വെളി. 3:21; 5:10; 20:4; 22:5; മത്താ. 19:28.

| | |
|---|---|
| എഫെ. 3:16 | അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും, |
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്, |
| എഫെ. 3:18 | സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും |

|  |  |
|---|---|
|  | ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും, |
| എഫെ. 3:19 | പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു. |
| എഫെ. 3:20 | എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്, |
| എഫെ. 3:21 | സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ. |
| വെളി. 3:21 | ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ. |
| വെളി. 5:10 | അവരെ നമ്മുടെ ദൈവത്തിനു രാജ്യവും പുരോഹിതന്മാരും ആക്കുകയും ചെയ്തു; അവർ ഭൂമിയിന്മേൽ വാഴും. |
| വെളി. 20:4 | പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു. |
| വെളി. 22:5 | ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും. |
| മത്താ. 19:28 | യേശു അവരോടു പറഞ്ഞു, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ, പുനഃസ്ഥാപനത്തിൽ, മനുഷ്യപുത്രൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിന്മേൽ ഇരിക്കുമ്പോൾ, നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിന്മേൽ യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായം വിധിച്ചുകൊണ്ട് ഇരിക്കും. |

3. വഴിയൊരുക്കുന്നവനും മുൻഗാമിയും എന്ന നിലയിൽ, കർത്താവായ യേശു തേജസ്സിലേക്ക് പ്രവേശിക്കുവാനും സിംഹാസനത്തിൽ ഇരിക്കുവാനുമായി വഴി തെളിച്ചു, അവന്റെ അനേകം സഹോദരന്മാരായ നാം ഇപ്പോൾ അവനെ അനുഗമിക്കുന്നു—എബ്രാ. 2:6-12; വെളി. 3:21; 22:5.

എബ്രാ. 2:6 എന്നാൽ ഒരുവൻ എവിടെയോ ഗൗരവമായി സാക്ഷ്യപ്പെടുത്തി പറഞ്ഞു, "മനുഷ്യനെ നീ ഓർക്കേണ്ടതിന്, അഥവാ മനുഷ്യപുത്രനെ നീ കരുതേണ്ടതിന് അവൻ എന്ത്?

എബ്രാ. 2:7 നീ അവനെ ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തിയിരിക്കുന്നു; നീ അവനെ തേജസ്സും ബഹുമാനവും കൊണ്ട് കിരീടമണിയിക്കുകയും, അവനെ നിന്റെ കരങ്ങളുടെ പ്രവൃത്തികൾക്കുമേൽ ആക്കിവയ്ക്കുകയും ചെയ്തിരിക്കുന്നു;

എബ്രാ. 2:8 നീ സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തിയിരിക്കുന്നു." സകലവും അവനു കീഴ്പ്പെടുത്തിയതിൽ, അവനു കീഴ്പ്പെടാത്തതായി ഒന്നും അവൻ വിട്ടില്ല. എന്നാൽ ഇപ്പോൾ സകലവും അവനു കീഴ്പ്പെട്ടിരിക്കുന്നതായി നാം ഇതുവരെ കാണുന്നില്ല,

എബ്രാ. 2:9 എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു.

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

എബ്രാ. 2:11 എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല,

എബ്രാ. 2:12 "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു പ്രഖ്യാപിക്കും; സഭാമധ്യേ ഞാൻ നിനക്കു സ്തുതിഗീതങ്ങൾ പാടും" എന്നും,

വെളി. 3:21 ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ.

വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

**V. സിംഹാസനത്തിലിരിക്കുന്ന മനുഷ്യസാദൃശ്യത്തിന് രണ്ട് വശങ്ങളുണ്ടെന്ന് യെഹെസ്കേൽ 1 പറയുന്നു: അവന്റെ അര മുതൽ മേലോട്ട് ശുക്ലസ്വർണത്തിന്റെ രൂപവും, അര മുതൽ കീഴോട്ട് തീയുടെ രൂപവും ആകുന്നു—വാ. 27:**

യെഹെ. 1 be omitted.

യെഹെ. 1:27 അവന്റെ അരമുതൽ മേലോട്ടു അതിന്നകത്തു ചുറ്റും തീക്കൊത്ത ശുക്ലസ്വർണ്ണംപോലെ ഞാൻ കണ്ടു; അവന്റെ അരമുതൽ കീഴോട്ടു തീ പോലെ ഞാൻ കണ്ടു; അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു.

A. സ്വർണത്തിന്റെയും വെള്ളിയുടെയും മിശ്രിതമായ ഒരു തിളങ്ങുന്ന ലോഹമാണ് ശുക്ലസ്വർണം; സ്വർണം ദൈവത്തിന്റെ പ്രകൃതത്തെയും, വെള്ളി വീണ്ടെടുപ്പിനെയും സൂചിപ്പിക്കുന്നു; അങ്ങനെ, സ്വർണത്തിന്റെയും വെള്ളിയുടെയും മൂലകങ്ങളാൽ ചേർന്ന ശുക്ലസ്വർണം, കുഞ്ഞാട്-ദൈവത്തെ, വീണ്ടെടുക്കുന്ന ദൈവത്തെ സൂചിപ്പിക്കുന്നു—വാ. 4.

യെഹെ. 1:4 ഞാൻ നോക്കിയപ്പോൾ വടക്കുനിന്നു ഒരു കൊടുങ്കാറ്റും വലിയോരു മേഘവും പാളിക്കത്തുന്ന തീയും വരുന്നതു കണ്ടു; അതിന്റെ ചുറ്റും ഒരു പ്രകാശവും അതിന്റെ നടുവിൽനിന്നു, തീയുടെ നടുവിൽനിന്നു തന്നേ, ശുക്ലസ്വർണ്ണംപോലെ ഒരു കാഴ്ചയും ഉണ്ടായിരുന്നു.

B. ഒരു മനുഷ്യന്റെ അരക്കെട്ട് മുതൽ തല വരെയുള്ള മുകൾഭാഗം, വികാരത്തിന്റെയും അനുഭൂതിയുടെയും ഭാഗമാണ്, അത് അവന്റെ പ്രകൃതത്തെയും സഹജസ്വഭാവത്തെയും സൂചിപ്പിക്കുന്നു; അവന്റെ പ്രകൃതവും സഹജസ്വഭാവവും അനുസരിച്ച് സിംഹാസനത്തിലിരിക്കുന്ന കർത്താവായ യേശുവിന് വീണ്ടെടുക്കുന്ന ദൈവത്തെ സൂചിപ്പിക്കുന്ന, ശുക്ലസ്വർണത്തിന്റെ രൂപമുണ്ട്.

C. ഒരു മനുഷ്യന്റെ ശരീരത്തിന്റെ താഴത്തെ ഭാഗം ചലനത്തിനുവേണ്ടിയാണ്; അരക്കെട്ടിൽനിന്ന് താഴോട്ടുള്ള തീയുടെ രൂപം ദൈവത്തിന്റെ ജ്വലിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന ശക്തിയോടുകൂടിയ തന്റെ നീക്കത്തിൽ കർത്താവിന്റെ ദൃഷ്ടഭാവത്തെ സൂചിപ്പിക്കുന്നു.

D. കർത്താവ് നമ്മുടെ അടുക്കൽ വരുമ്പോൾ, അവൻ പ്രകാശിപ്പിക്കുവാനും, അന്വേഷിക്കുവാനും, എരിക്കുവാനും അഗ്നിയായി വരുന്നു; അതിനുശേഷം അഗ്നിയിലൂടെ അവൻ നമുക്ക് തിളങ്ങുന്ന ശുക്ലസ്വർണമായിത്തീരുന്നു, അപ്പോൾ നാം വീണ്ടെടുക്കുന്ന ദൈവത്തിന്റെ ഉജ്ജ്വലമായ ആവിഷ്കാരത്താൽ നിറയുന്നു.

E. ദഹിപ്പിക്കുന്ന അഗ്നിയായ (എബ്രാ. 12:29) കർത്താവ് എല്ലാ പ്രതിലോമ കാര്യങ്ങളും നമ്മിൽനിന്ന് ദഹിപ്പിച്ചുകളഞ്ഞശേഷം, നമ്മിൽ ശേഷിക്കുന്നത് ശുക്ലസ്വർണം, വീണ്ടെടുക്കുന്ന ദൈവം ആയിരിക്കും.

എബ്രാ. 12:29 നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയുമല്ലോ.

**VI. സിംഹാസനത്തിൽ ഇരിക്കുന്ന മനുഷ്യനു ചുറ്റും പ്രകാശം പോലെ ഒരു മഴവില്ല് ഉണ്ടെന്ന് യെഹെസ്കേൽ 1 പറയുന്നു, അത് സിംഹാസനത്തിലിരിക്കുന്ന കർത്താവിന് ചുറ്റുമുള്ള പ്രതാപത്തെയും തേജസ്സിനെയും സൂചിപ്പിക്കുന്നു—വാ. 28; വെളി. 4:3:**

Ezek 1 be omitted.

യെഹെ. 1:28 അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടതു; അതു കണ്ടിട്ടു ഞാൻ കവിണ്ണുവീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു.

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

A. നോഹയുടെ കാലത്ത് മേഘത്തിലെ മഴവില്ല്, മനുഷ്യനോടും എല്ലാ ജീവജാലങ്ങളോടും ഉള്ള തന്റെ ഉടമ്പടി പാലിക്കുന്നതിൽ ദൈവം വിശ്വസ്തത പുലർത്തുന്നതിന്റെ അടയാളമായിരുന്നു, അവൻ ഇനി ഒരിക്കലും ഒരു ജലപ്രളയത്താൽ മനുഷ്യവർഗത്തെ നശിപ്പിക്കില്ലെന്ന് ഇത് സൂചിപ്പിക്കുന്നു—ഉല്പ. 9:13.

ഉല്പ. 9:13 ഞാൻ എന്റെ വില്ലു മേഘത്തിൽ വെക്കുന്നു; അതു ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന്നു അടയാളമായിരിക്കും.

B. ഒരു മഴവില്ല് മൂന്ന് അടിസ്ഥാന നിറങ്ങളാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കാം—ചുവപ്പ്, മഞ്ഞ, നീല: തീയുടെ നിറമായ ചുവപ്പ് ദൈവത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്നു; ശുക്ലസ്വർണത്തിന്റെ നിറമായ മഞ്ഞ ദൈവത്തിന്റെ തേജസ്സിനെ സൂചിപ്പിക്കുന്നു; നീലരത്നം കൊണ്ടുള്ള സിംഹാസനത്തിന്റെ നിറമായ നീല ദൈവത്തിന്റെ നീതിയെ സൂചിപ്പിക്കുന്നു—സങ്കീ. 89:14:

സങ്കീ. 89:14 നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു.

1. ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവ പാപികളെ ദൈവത്തിൽനിന്ന് അകറ്റി നിർത്തുന്ന മൂന്ന് ദിവ്യ സദ്ഗുണങ്ങളാണ്—ഉല്പ. 3:24.

   ഉല്പ. 3:24 ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴികാപ്പാൻ അവൻ ഏദെൻ തോട്ടത്തിന്നു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി.

2. എന്നിരുന്നാലും, ക്രിസ്തു വരുകയും, ദൈവത്തിന്റെ നീതിയുടെയും വിശുദ്ധിയുടെയും തേജസ്സിന്റെയും ആവശ്യകതകൾ തൃപ്തിപ്പെടുത്തുന്നതിനായി ക്രൂശിൽ മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു, ഇപ്പോൾ അവൻ നമ്മുടെ നീതിയും വിശുദ്ധിയും തേജസ്സുമാണ്—1 കൊരി. 1:30.

   1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

3. വിശ്വാസികളായ നാം ഇപ്പോൾ ക്രിസ്തുവിലായതിനാൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ നീതി, വിശുദ്ധി, തേജസ്സ് എന്നീ നിലകളിൽ നാം ക്രിസ്തുവിന്റെ പ്രത്യക്ഷത വഹിക്കുന്നു; ഇതാണ് പാപികളുടെ മേലുള്ള തന്റെ ന്യായവിധിയിൽനിന്ന് വീണുപോയവരായ നമ്മെ അവശേഷിപ്പിക്കുന്നതിലും രക്ഷിക്കുന്നതിലുമുള്ള ദൈവത്തിന്റെ വിശ്വസ്തതയുടെ ഒരു സാക്ഷ്യമെന്ന നിലയിൽ മഴവില്ലിന്റെ പ്രത്യക്ഷത.

4. മഴവില്ലിന്റെ പ്രത്യക്ഷത അടിസ്ഥാനങ്ങളായുള്ള ഒരു നഗരമായ പുതിയ യെരൂശലേമിൽ (വെളി. 21:19-20), രക്ഷിക്കപ്പെട്ടവരുടെ ആകെത്തുകയായ

നാം, ദൈവം നീതിമാനും വിശ്വസ്തനുമാണെന്ന് എന്നേക്കും സാക്ഷ്യപ്പെടുത്തിക്കൊണ്ട് ദൈവത്തിന്റെ നീതിയുടെയും വിശുദ്ധിയുടെയും തേജസ്സിന്റെയും ശോഭ പ്രതിഫലിപ്പിക്കുന്ന ഒരു മഴവില്ലായിരിക്കും.

| | |
|---|---|
| വെളി. 21:19 | നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല വിലയേറിയ കല്ലിനാലും അലങ്കരിച്ചിരുന്നു: ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തം; രണ്ടാമത്തേത് നീലരത്നം; മൂന്നാമത്തേത് മാണിക്യം; നാലാമത്തേത് മരതകം; |
| വെളി. 21:20 | അഞ്ചാമത്തേത് നഖവർണി; ആറാമത്തേത് പത്മരാഗം; ഏഴാമത്തേത് പീതരത്നം; എട്ടാമത്തേത് ഗോമേദകം; ഒമ്പതാമത്തേത് പുഷ്യരാഗം; പത്താമത്തേത് വൈഡൂര്യം; പതിനൊന്നാമത്തേത് ഇന്ദ്രനീലം; പന്ത്രണ്ടാമത്തേത് സുഗന്ധിരത്നം. |

5. യെഹെസ്കേൽ 1-ൽ ചിത്രീകരിച്ചിരിക്കുന്നതുപോലെ, ക്രിസ്തീയ ജീവിതവും സഭാ ജീവിതവും ഇങ്ങനെയുള്ള ഒരു മഴവില്ലിൽ പര്യവസാനിക്കും; ആ ഘട്ടത്തിൽ ദൈവത്തിന്റെ നിത്യ പദ്ധതി പൂർത്തിയാക്കപ്പെടും.

| | |
|---|---|
| Ezek 1 | be omitted. |